പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 203 05.11.2019 ലെ മറുപടിക്ക്

## കയർ വ്യവസായം സംരക്ഷിക്കാനായി പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള<br>ശ്രീ.സജി ചെറിയാൻ<br>ശ്രീ. കെ. ദാസൻ<br>ശ്രീ. ബി.സത്യൻ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയർ മേഖലയിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പരമ്പരാഗത തൊഴിലാളികളുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണത്തിലൂടെ കയർ വ്യവസായം സംരക്ഷിക്കാനായി നടത്തിവരുന്ന പ്രവർത്തനം വിശദമാക്കാമോ; | എ) കയർ സംഭരണം 2015-16 ൽ 78820.40 ക്വിൻറൽ ആയിരുന്നത് 2018-19 ൽ 157000 ക്വിൻറൽ ആയി ഉയർന്നു. കയർ ഉൽപ്പന്ന സംഭരണം ഇക്കാലയളവിൽ 97.45 കോടി രൂപയിൽ നിന്നും 153.19 കോടി രൂപയുടേതായും വർദ്ധിച്ചു. ചകിരി ഉൽപ്പാദനത്തിനായി പുതിയ 75 ഡി.എഫ് മില്ലുകൾ പ്രവർത്തനം ആരംഭിച്ചു. ഈ സാമ്പത്തിക വർഷാവസാനത്തോടെ അത് 100 കടക്കും. പരമ്പരാഗത കയർ മേഖലയെ സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ ആധുനികരണത്തിനാണ് കയർ വകുപ്പ് നേതൃത്വം നൽകുന്നത്. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റിക്കൊണ്ട് കയർ മേഖലയിൽ യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുകയാണ്. എന്നാൽ ഈ മാറ്റം പരമ്പരാഗത തൊഴിലാളികളുടെ തൊഴിലിനെയും കൂലിയെയും യാതൊരുവിധത്തിലും ബാധിക്കാത്ത തരത്തിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കയർ വ്യവസായ സഹകരണ സംഘങ്ങളിൽ പരമ്പരാഗത രീതിയിൽ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും, വേതനം നൽകി എന്നുറപ്പാക്കിയശേഷം, കയർഫെഡുവഴി സർക്കാർ സംഭരിക്കും. കൂലിയുടെ ഒരു ഭാഗം (110/- രൂപ) പ്രതിദിന വരുമാനം ഉറപ്പാക്കൽ പദ്ധതിയുടെ ഭാഗമായി, പരമ്പരാഗത റാട്ടുകളിലും ഇലക്ട്രോണിക് റാട്ടുകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് സർക്കാർ നൽകിവരുന്നു. 2018-19 |

| | |
|---|---|
| | വർഷത്തിൽ 22.46 കോടി രൂപ ഇപ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. ഈ വർഷം സെപ്റ്റംബർ 30 വരെ 9.03 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷം 25 കോടി രൂപ ഇതിനകം സർക്കാരിൽ നിന്നും കയർ വികസന വകുപ്പിന് നൽകിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും പരമ്പരാഗത തൊഴിലാളികൾക്ക് മാത്രമായി നൽകുന്നതാണ്. തൊഴിലാളികളുടെ കൂലി പ്രതിദിനം 300 രൂപയിൽ നിന്നും 350 രൂപയാക്കി 01.01.2019 മുതൽ ഉയർത്തിയിട്ടുണ്ട്. |
| ബി) സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി ചകിരി ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ബി) കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുന:സംഘടനാ പദ്ധതി പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും, പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും ലക്ഷ്യമിടുന്നു. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡീ-ഫൈബറിംഗ് മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്.<br><br>കയർ സഹകരണ സംഘങ്ങൾക്ക് പുറമേ, പുതുതായി ആരംഭിക്കുന്ന സ്വകാര്യ യൂണിറ്റുകൾ / സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക്, ചകിരി ഉൽപ്പാദനത്തിന് 50% സബ്സിഡിയോടെ ഡി.എഫ് മില്ലുകൾ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനികളുമായി സഹകരിച്ച് പരമാവധി തൊണ്ട് ശേഖരിക്കുന്നതിനുള്ള നടപടികൾ ആലോചിച്ചുവരുന്നു.<br><br>സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 44% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16 ൽ കയർഫെഡ് സംസ്ഥാനത്തിനകത്തു നിന്നോ, പുറത്തുനിന്നോ ചകിരി |

<table>
<tr>
<td></td>
<td>
സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td>വർഷം</td><td>ചകിരി വില ലക്ഷത്തിൽ</td><td></td></tr>
<tr><td>2015-16</td><td>ഇല്ല</td><td rowspan="4">2019-20 സെപ്റ്റംബർ 30 വരെ 179.05 ലക്ഷം രൂപ വിലമതിക്കുന്ന ചകിരി സംസ്ഥാനത്തെ ഡി.എഫ് മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് മുൻവർഷത്തെക്കാൾ 44% അധികമാണ്.</td></tr>
<tr><td>2016-17</td><td>50.94</td></tr>
<tr><td>2017-18</td><td>78.14</td></tr>
<tr><td>2018-19</td><td>284.02</td></tr>
</table>

13-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതോടുകൂടി ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്.
</td>
</tr>
<tr>
<td>സി) കേരളത്തിലെ തൊണ്ടിന്റെ മുപ്പത് ശതമാനം ചകിരിയാക്കുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;</td>
<td>സി) ആഭ്യന്തര ചകിരി ഉത്പാദനത്തിൽ ഗണ്യമായ അളവിൽ സ്വയം പര്യാപ്തത ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. സഹകരണ മേഖലയിലും, സ്വകാര്യ മേഖലയിലും, കുടുംബശ്രീ വഴിയുമെല്ലാമായി ഇതിനോടകം 75 ഡി.എഫ് മില്ലുകൾ പുതുതായി സ്ഥാപിക്കാൻ കഴിഞ്ഞു. 13-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് 500 ഡി.എഫ് മില്ലുകൾ എന്ന ലക്ഷ്യംവെച്ചുള്ള പ്രവർത്തനം വിജയകരമായി മുന്നേറുകയാണ്. കയർ മേഖലയിൽ രണ്ടാം പുനഃസംഘടന പദ്ധതി നടപ്പിലാക്കി വരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനും കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി കുടുംബശ്രീ സംസ്ഥാന മിഷനും</td>
</tr>
</table>

| | |
|---|---|
| | ജില്ലാ മിഷനുകളുമായി ചർച്ചകൾ നടത്തുകയുണ്ടായി. കണ്ണൂർ പ്രോജക്റ്റ് ഓഫീസിനു കീഴിൽ രണ്ടും, തൃശ്ശൂർ പ്രോജക്റ്റ് ഓഫീസിനു കീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡീ-ഫൈബറിംഗ് മില്ലുകളാണ് സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുള്ളത്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്റ്റുകളിലായി ആറ് ഡീ-ഫൈബറിംഗ് യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. കുടുംബശ്രീയിൽ നിന്ന് കൂടുതൽ പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പണം (407.5 ലക്ഷം രൂപ) കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ച്ചറിംഗ് കമ്പനിയ്ക്ക് കൈമാറിയിട്ടുണ്ട്. |
| ഡി) ഉല്പാദന വർദ്ധനവിനനുസരിച്ച് വിപണി കണ്ടെത്തുന്നതിനായി ഉല്പന്ന വൈവിധ്യവൽക്കരണം, ആധുനിക മാർക്കറ്റിംഗ് തുടങ്ങിയ രംഗങ്ങളിൽ പുരോഗതി കൈവരിക്കാനായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | ഡി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനും വേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാപദ്ധതി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വഴി നടപ്പാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 13.5 ശതമാനത്തിൽ നിന്നും ക്രയവിലസ്ഥിരതാ പദ്ധതിയുടെ ആനുകൂല്യം 16% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. തന്മൂലം കയറ്റുമതിക്കാർക്ക് 7.5% ൽ നിന്നും 10% ഡിസ്കൗണ്ടിൽ കയർ കോർപ്പറേഷനിൽ നിന്നും ഉൽപ്പന്നങ്ങൾ സംഭരിക്കാവുന്നതാണ്. ഇത് ഉൽപ്പന്ന സംഭരണത്തിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്.<br><br>കയർ ഭൂവസ്ത്ര പദ്ധതി പരമ്പരാഗത കയർ തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ഏറെ സഹായിച്ച ഒന്നാണ്. കയർ ഭൂവസ്ത്രം നേരത്തേതന്നെ പ്രചാരത്തിൽ ഉണ്ടായിരുന്നെങ്കിലും മണ്ണ് ജല സംരക്ഷണ പദ്ധതികളിലും റോഡ് നിർമ്മാണത്തിലും വ്യാപകമായി ഉപയോഗപ്പെടുത്താനായത് "കയർ കേരള 2017" അന്താരാഷ്ട്രമേളയിൽ ഒപ്പ് വയ്ക്കപ്പെട്ട 120 കോടി രൂപയുടെ ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. ഇവയിൽ 43 കോടി രൂപയുടെ ഓർഡറുകൾ ഇതിനോടകം |

| | |
|---|---|
| | പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷവും കുറഞ്ഞത് 100 കോടി രൂപയുടെ ഓർഡറുകൾ എങ്കിലും ശേഖരിക്കുന്നതിന് കയർ വികസന വകുപ്പ് ശ്രമിച്ചുകൊണ്ടിരിക്കുന്നു. "കയർ കേരള 2019" അന്താരാഷ്ട്രമേളയിൽ വച്ച് ഇതിന്റെ ധാരണാപത്രം ഒപ്പിടുന്നതാണ്. ചകിരി ഉൽപ്പാദനം, കയർ ഉൽപ്പാദനം, കയർ ഭൂവസ്ത്ര നിർമ്മാണം, തൊഴിലുറപ്പ് പദ്ധതി പ്രവർത്തികൾ എന്നീ നാലു മേഖലകളിൽ വർദ്ധിച്ച തോതിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഈ പദ്ധതി സഹായകരമായി. |

സെക്ഷൻ ഓഫീസർ